# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7132 — 16.07.2012 - ൽ മറുപടിക്ക്

## അന്ധവിദ്യാലയത്തിലെ ഹെഡ്മാസ്റ്റർക്കെതിരെ വിജിലൻസ് അന്വേഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) തിരുവനന്തപുരം സർക്കാർ അന്ധവിദ്യാലയത്തിലെ മുൻ ഹെഡ്മാസ്റ്റർക്കെതിരെ പൂർവ്വ വിദ്യാർത്ഥികൾ നൽകിയ പരാതിയിൻമേൽ വിദ്യാഭ്യാസ വകുപ്പ് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആ അന്വേഷണ റിപ്പോർട്ടിൻമേൽ എന്ത് നടപടിയാണ് സ്വീകരി-ച്ചിട്ടുള്ളത്; | (എ) തിരുവനന്തപുരം അന്ധ വിദ്യാലയത്തിലെ മുൻ ഹെഡ്മാസ്റ്റർ ശ്രീ.ജി.തുളസീധരനെതിരെ ലഭിച്ച പരാതിയിൻമേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും ഇതു സംബന്ധിച്ച് കൂടുതൽ വിശദമായ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇപ്പോൾ കോട്ടയം ഒളശ്ശ അന്ധ വിദ്യാലയത്തിലെ ഹെഡ്മാസ്റ്റു-റായിരിക്കുന്ന ഈ വ്യക്തി തിരുവനന്തപുരം അന്ധ വിദ്യാലയത്തിലെ ക്വാർട്ടേഴ്സിൽ താമസിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാന ത്തിലാണെന്ന് വ്യക്തമാക്കുമോ;<br>(സി) കോട്ടയം ഒളശ്ശ അന്ധ വിദ്യാലയത്തിൽ സ്ഥിരമായി താമസിക്കാൻ ക്വാർട്ടേഴ്സു-ണ്ടായിട്ടും എന്തുകൊണ്ടാണ് പ്രസ്തുത ഹെഡ്മാസ്റ്റർ തിരുവനന്തപുരത്തെ സ്കൂൾ ക്വാർട്ടേഴ്സിൽ തന്നെ താമസിക്കുന്നതെന്ന് വ്യക്ത മാക്കുമോ? | **(ബി) ആന്റ് (സി)**<br>സ.ഉ.(ആർ.ടി)നം.45/12/പൊ.വി.തീയതി. 4.1.2012 പ്രകാരം കോട്ടയം ഒളശ്ശ അന്ധവിദ്യാലയത്തിലെ ഹെഡ്മാസ്റ്റർ ശ്രീ.തുളസീധരനെ തിരുവനന്തപുരം അന്ധ വിദ്യാലയത്തിലെ ഹെഡ്മാസ്റ്ററായി തുടരാൻ അനുവദിക്കുകയും ശ്രീ.കെ.ആർ.രഘുനാഥൻ നായരെ തിരുവനന്തപുരത്ത് ഉചിതമായ ഒരു തസ്തികയിൽ മാറ്റി നിയമിക്കാനും നിർദ്ദേശം നൽകി ഉത്തരവു പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശ്രീ.രഘുനാഥൻ നായർക്ക് ഉചിതമായ തസ്തിക കണ്ടെത്താൻ കഴിയാതെ വന്ന സാഹചര്യത്തിൽ മേൽപറഞ്ഞ ഉത്തരവിലെ നിർദ്ദേശം നടപ്പാക്കാനായിട്ടില്ല. |

ആകയാൽ ശ്രീ.ജി.തുളസീധരൻ കോട്ടയത്തും ശ്രീ.രഘുനാഥൻ നായർ തിരുവനന്തപുരത്തും ഹെഡ്മാസ്റ്റർമാരായി തുടരുന്നു. സ.ഉ.(ആർ.ടി) നം.45/12/പൊ.വി. പ്രകാരം തനിക്ക് തിരുവനന്തപുരത്ത് നിയമനം ലഭിച്ച സാഹചര്യത്തിലാണ് ശ്രീ.ജി.തുളസീധരൻ തിരുവനന്തപുരത്തെ സ്കൂൾ ക്വാർട്ടേഴ്സിൽ തുടരുന്നത്.

സെക്ഷൻ ഓഫീസർ